# ക്രിസ് വോയ്സ്

ലക്കം 12 | പുസ്തകം 05

തിരുപുറം സെന്റ് ഫ്രാൻസിസ് സേവ്യർ ഇടവക ബുള്ളറ്റിൻ



## ഡിസംബർ 2025





രക്ഷാധികാരി
**റവ.ഫാ. ജിബിൻരാജ്**

ചീഫ് എഡിറ്റർ
**എസ്.ഒ. ഷാജികുമാർ**

എഡിറ്റേഴ്സ്
**അതുൽ. പി.എസ്**
**രമണി റോസ്**
**സുലോചന**
**ആൻസി. എസ്.എസ്**
**എസ്. സുധ**

ലേ ഔട്ട് & അച്ചടി
**ജനനി പ്രിന്റ് മീഡിയ**
തിരുവനന്തപുരം
ഫോൺ : 9747 000 876


## ഉള്ളടക്കം


ഇടയസ്വരം.................................... 3
എഡിറ്റേഴ്സ് വോയ്സ്...................... 4
ക്രിസ്തുമസ് സന്ദേശം ...................... 5
വിശുദ്ധ കാർലോ അക്യൂറ്റിസ്............. 6
ലോഗോസ് ക്വിസ് 2026 ചോദ്യങ്ങൾ...... 7
ഡിസംബർ ബി.സി.സി. യോഗങ്ങൾ...... 8
2025 ഒക്ടോബർ മാസം വരി തന്നവരുടെ പേരുവിവരം .................. 9
2025 സെപ്റ്റംബർ മാസത്തെ വരവ്-ചെലവ് കണക്കുകൾ............... 10
ഒരു ചെറുവെട്ടം.............................. 12
പരിശുദ്ധാത്മാവ് ............................. 13
ലോഗോസ് ക്വിസ് 2026 ഉത്തരങ്ങൾ..... 14


ഇടവക ബുള്ളറ്റിൻ : Private Circulation Only

**അടുത്തലക്കം ക്രിസ് വോയ്സ് പ്രസിദ്ധീകരിക്കുന്നതിനുള്ള സാഹിത്യ സൃഷ്ടികളും ആശംസകളും ഫോട്ടോകളും ഡിസംബർ 30ന് മുമ്പ് ബന്ധപ്പെട്ടവരെ ഏൽപ്പിക്കേണ്ടതാണ്.**



# ഇടയസ്വരം



**ഫാ. ജിബിൻരാജ്**
ഇടവക വികാരി

ക്രിസ്തുവിൽ പ്രിയരേ,

തിരുനാളുകൾ തിരിഞ്ഞുനോട്ടത്തിന്റെ നാളുകളാണ് - അവനവൻ ആയിരുന്ന അവസ്ഥയിലേക്കുള്ള ഒരു തിരിഞ്ഞുനോട്ടം. തിരിഞ്ഞു നോക്കുന്നത് തളരാനല്ല; മറിച്ച് തെറ്റുകൾ തിരുത്തി പരിപൂർണ്ണതയിലേക്ക് കുതിച്ചു മുന്നേറാനാണ്. തിരുനാളും തിരുപ്പിറവിയും ഒന്നിച്ചുവരുന്ന സന്തോഷ സുദിനങ്ങളാണ് തിരുപുറം സെന്റ് ഫ്രാൻസിസ് സേവ്യർ ദൈവാലയത്തെ സംബന്ധിച്ചിടത്തോളം ഡിസംബർ മാസം. തിരുനാൾ ആഘോഷവും തിരുപ്പറവി ആഘോഷവും നമ്മിലെ പഴയ മനുഷ്യനെ ഉരിഞ്ഞു മാറ്റി പുതിയ മനുഷ്യനെ ധരിക്കുവാനുള്ള പ്രചോദനമാകട്ടെ. ഈയൊരു വർഷക്കാലം ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദിയർപ്പി ച്ചുകൊണ്ട് പുതുവർഷത്തെ പ്രതീക്ഷയോടെ വരവേൽക്കാം. പൂർണ്ണതയി ലേക്ക് നടക്കുന്ന പുതിയ മനുഷ്യരായി നമുക്ക് മുന്നേറാം.




**തിരുപുറം ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് നടന്ന**
**തിരുപുറം ബൈബിൾ കൺവെൻഷൻ 2025**
**ധ്യാനം നയിച്ചത് : റവ. ഫാ. ആന്റണി പയ്യപ്പിള്ളി**

# എഡിറ്റേഴ്സ് വോയ്സ്



**എസ്.ഒ. ഷാജികുമാർ**
ചീഫ് എഡിറ്റർ

തിരുപുറം ഇടവക മാധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ തിരുനാളിന്റെയും ക്രിസ്മസ് 2025 ന്റെയും ആശംസകൾ എല്ലാ ക്രിസ് വോയ്സ് വായനക്കാർക്കും സ്നേഹപൂർവ്വം നേരുന്നു.

“ലോകം മുഴുവൻ നേടിയാലും ആത്മാവ് നഷ്ടമായാൽ എന്ത് പ്രയോജനം” എന്ന ബൈബിൾ വചനം പാരിസ് സർവകലാശാലയിൽ സകലവിധ ലൗകിക ആർഭാടത്തോടും പരിലസിച്ചിരുന്ന അധ്യാപകൻ കൂടിയായ ഫ്രാൻസിസ് സേവ്യറിൽ സൃഷ്ടിച്ച മനഃപരിവർത്തനം ദക്ഷിണേന്ത്യയിലും ഗോവയിലും ഉൾപ്പടെ വിവിധ രാഷ്ട്രങ്ങളിൽ ജനസഞ്ചയങ്ങളെ ക്രിസ്തുപാതയിലേക്ക് നയിക്കുന്നതിന് വീഥിയൊരുക്കിയപോലെ ഈ വർഷത്തെ തിരുനാൾ ആഘോഷങ്ങൾ നമ്മുടെ ഇടവക കുടുംബത്തിലെ ഓരോ അംഗങ്ങളിലും വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ പാത പിന്തുടർന്ന് നാം അധിവസിക്കുന്നിടങ്ങളിലും നമ്മുടെ പ്രവർത്തന മേഖലകളിലും പ്രേഷിത ചൈതന്യപൂരിതമാക്കാൻ അനുഗ്രഹം ചൊരിയാൻ ക്രിസ് വോയ്സ് വായനക്കാരായ നമുക്ക് പ്രാർത്ഥിക്കാം... പ്രതിജ്ഞയെടുക്കാം...



**കെ.സി.വൈ.എം സംസ്ഥാന കലോത്സവത്തിൽ തിരുപുറം ഇടവകയിൽ നിന്നും യുവജനങ്ങൾ പരിചമുട്ട് (മൂന്നാം സ്ഥാനം) ലളിതഗാനം (രണ്ടാം സ്ഥാനം), മോണോ ആക്ട്, ക്വിസ് എന്നിവയ്ക്ക് പങ്കെടുത്തപ്പോൾ...**



# ക്രിസ്തുമസ് സന്ദേശം

**മീഡിയ മിനിസ്ട്രി തിരുപുറം**

**കരം കൊടുക്കലിന്റെയും ചേർത്തുപിടിക്കലിന്റെയും ആഘോഷം**

സർവലോകത്തിനും സന്തോഷദായകമായിട്ടുള്ള സദ്‌വാർത്തയാണ് ക്രിസ്തുമസ്. തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ സ്നേഹിച്ചതിന്റെ അടയാളം കൂടിയാണിത്. സന്തോഷവും സമാധാനവുമാണ് ക്രിസ്തുമസ് സമ്മാനിക്കുന്നത്. ഭൂമിയെ സൃഷ്ടിച്ച ദൈവം ലോകത്തിന്റെ മകുടമായി മനുഷ്യനെ നിയമിച്ചു. ആദാമിന്റെ വാരിയെല്ലിൽ നിന്ന് ഹവ്വയെ രൂപപ്പെടുത്തിയ ദൈവം ലോകത്തെ ആദ്യ വിവാഹം ആശീർവദിച്ചു. മനുഷ്യൻ ഈ ലോകത്തിൽ ദൈവത്തിന്റെ പ്രതിനിധിയാണ്. മനുഷ്യനിലൂടെയാണ് ദൈവം ലോകത്തെ നിയന്ത്രിക്കുന്നതും മുന്നോട്ടു നയിക്കുന്നതും. എന്നാൽ, ആ ദൈവസ്നേഹത്തെ മനുഷ്യൻ മറന്ന നിമിഷത്തിലാണ് പാപം ഉത്ഭവിക്കുന്നത്. അതിന് പരിഹാരമായാണ് ഏകജാതനനെ ലോകത്തിന് നൽകിയത്.

സർവലോകത്തിനും സമാധാനത്തിന്റെയും സന്തോഷത്തിന്റെയും പ്രത്യാശയുടെയും സദ്വാർത്തയാണ് ക്രിസ്തുമസ് നല്കുന്നത്. പരസ്പര ധാരണയും സഹകരണവും സജീവമായി കാണാൻ കഴിയും ക്രിസ്തുമസിൽ. ഇടം കാണിക്കുന്നവരെയും കരുത്ത് പകരുന്നവരേയും അവിടെ കാണാം. ഇന്ന് സമൂഹത്തിൽ എത്രയോ പേർ ഒറ്റപ്പെട്ടിരിക്കുന്നു. വാർദ്ധക്യത്തിൽ മക്കൾ ഉപേക്ഷിക്കുന്ന മാതാപിക്കൾ... മക്കളെ വേണ്ടെന്നുവയ്ക്കുന്ന മാതാപിതാക്കൾ. ഇവിടെയാണ് ക്രിസ്തുമസിന്റെ അർത്ഥമെന്തെന്ന് നാം ധ്യാനിക്കേണ്ടത്.

അശരണർക്ക് ഇടം കാണിച്ച് കൊടുക്കാൻ നമുക്ക് കഴിയുമ്പോൾ മാത്രമേ ക്രിസ്തുമസിന്റെ സന്തോഷവും സമാധാനുവും കൈവരികയുള്ളൂ. മുറിച്ച് പങ്കിടുന്നയിടത്ത് ദൈവം പിറക്കുന്നതാണ് ക്രിസ്തുമസ്. സംഘർഷങ്ങളിൽ ഔദാര്യത്തോടും സന്മനസോടും കൂടെ വിട്ടുകൊടുക്കാനുള്ള സന്ദേശമാണ് ക്രിസ്തുമസ് നല്കുന്നത്. ആരേയും മാറ്റിനിർത്താതെ കരം കൊടുത്തും ചേർത്തുപിടിച്ചും ലോകത്തെ ഒരു കുടംബമാക്കുന്ന തിരുനാളാകണം ക്രിസ്തുമസ്.

**ഏവർക്കും ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ...**



# വിശുദ്ധ കാർലോ അക്യുറ്റിസ്

ലണ്ടനിൽ ജനിച്ചൊരു കുഞ്ഞുകാർലോ
താമസിയാതെ മിലാനിലെത്തി
ദിവ്യകാരുണ്യത്തെ സ്നേഹിച്ചല്ലോ
നാഥനായ് ഹൃദയത്തിൽ കൂടൊരുക്കി

സ്വർഗ്ഗത്തിലേക്കുള്ള ഹൈവേയല്ലോ
കുർബാനയെന്നതറിഞ്ഞ കാർലോ
ഏഴാം വയസിലതേറ്റുവാങ്ങി
ആത്മീയ പക്വതയോടെ തന്നെ
നിത്യവും ദേവാലയത്തിലെത്തി
ആരാധനയിൽ പങ്കുചേർന്നു
സുവിശേഷവത്കരണത്തിനായി
ഇന്റർനെറ്റിന്റെ കരംപിടിച്ചു

അർബുദ ബാധിതനായ കാർലോ
ദിവ്യകാരുണ്യത്തെ പുൽകിക്കൊണ്ട്
പുഞ്ചിരിതൂകി കടന്നുപോയി
കൗമാരത്തിൽ തന്റെ പ്രിയനരികെ
സ്വർഗത്തിലേശുവിനൊപ്പം വാഴും
മീഡിയ മദ്ധ്യസ്ഥനായ കാർലോ
ലോകമോഹങ്ങളിൽ വീണിടാതെ
ഞങ്ങളെ കാത്തിടാൻ പ്രാർത്ഥിക്കണേ



**എയ്ഞ്ചൽ മരിയ**
പള്ളിമന




കേരള പോലീസ് സേനയിലേക്ക്
നിയമനം ലഭിച്ച മണലിക്കടവ്
ബി.സി.സി യൂണിറ്റ് അംഗമായ
**രാഹുൽ വി.എ** യ്ക്ക്
തിരുപുറം വി. ഫ്രാൻസിസ് സേവ്യർ
ഇടവക കുടുംബത്തിന്റെ

**അഭിനന്ദനങ്ങൾ**

# ലോഗോസ് ക്വിസ് 2026
## 1 സാമുവൽ 1 - 7

1. കർത്താവിന്റെ പേടകം എത്രകാലം ഫിലിസ്ത്യരുടെ രാജ്യത്തായിരുന്നു ?
2. കിരിയാത്ത് യയാറിമിലെ ആളുകൾ വന്ന് കർത്താവിന്റെ പേടകം ആരുടെ ഭവനത്തിൽ എത്തിച്ചു?
3. ഫിലിസ്ത്യർ ഇന്നു നമ്മെ പരാജയപ്പെടുത്താൻ എന്തുകൊണ്ട് കർത്താവ് അനുവദിച്ചു? ഇങ്ങനെ ചോദിച്ചതാര് ?
4. സാമുവലിനെ കർത്താവിന്റെ ആലയത്തിൽ കൊണ്ടുവന്നപ്പോൾ എന്തൊക്കെ കാഴ്ചയർപ്പിച്ചു ?
5. ഏലിയുടെ പുത്രന്മാർ ആരെല്ലാം ?
6. കർത്താവ് ഭയങ്കരമായ ഒരിടി നാദം മുഴക്കി സംഭ്രാന്തരാക്കിയതാരെ ?
7. ഇക്കാബോദ് എന്ന പദത്തിന്റെ അർഥം ?
8. ആരുടെ പാപമാണ് ദൈവസന്നിധിയിൽ ഗുരുതരമായിത്തീർന്നത് ?
9. ദൈവത്തിന്റെ പേടകം വഹിച്ച വണ്ടി ആരുടെ വയലിൽ ചെന്നു നിന്നു ?
10. സാമുവൽ വർഷംതോറും സന്ദർശിച്ച് ന്യായപാലനം നടത്തിയത് എവിടെയൊക്കെയാണ് ?
11. പ്രായശ്ചിത്ത ബലിക്കായി ഫിലിസ്ത്യർ ദൈവത്തിന്റെ പേടകത്തോടൊപ്പം കൊടുത്ത സ്വർണയുരുപ്പടികൾ ഏതെല്ലാം ?
12. ദൈവത്തിന്റെ പേടകം ഫിലിസ്ത്യർ എബ്നേസറിൽ നിന്ന് എവിടേയ്ക്ക് കൊണ്ടുപോയി ?
13. ഞാൻ നിനക്ക് പത്തു പുത്രന്മാരിലും ഉപരിയല്ലേ ? ഞാൻ ആര് ?
14. നിങ്ങളെ പൂർണമായി ദൈവത്തിനു സമർപ്പിക്കുവിൻ എന്ന് ഇസ്രായേൽ ജനത്തോട് പറഞ്ഞതാര് ?
15. കർത്താവിന്റെ ഉടമ്പടിയുടെ പേടകം കൂടാരത്തിലെത്തിയപ്പോൾ ഇസ്രായേൽ മുഴുവൻ എന്തു ചെയ്തു ?
16. ഇസ്രായേലിന്റെ ദൈവത്തിന്റെ പേടകം നമ്മുടെ ഇടയിൽ ഇരിക്കേണ്ടാ എന്നു പറഞ്ഞതാര് ?
17. കർത്താവിന്റെ പേടകത്തിലേയ്ക്ക് എത്തിനോക്കിയ എത്ര പേരാണ് വധിക്കപ്പെട്ടത് ?
18. എൽക്കാനയുടെ ഭാര്യമാർ ആരെല്ലാം ?
19. സാമുവൽ ഇസ്രായേൽ ജനത്തെ ന്യായപാലനം ചെയ്യാൻ തുടങ്ങിയത് എവിടെ വച്ചാണ് ?
20. കർത്താവിന്റെ മുമ്പിൽ ഹൃദയവികാരങ്ങൾ പകർന്നതാര് ?
21. എബ്നേസർ എന്ന പദത്തിന്റെ അർഥം ?
22. ദൈവത്തിന്റെ പേടകത്തെക്കുറിച്ച് ആകുലചിത്തനായിരുന്നതാര് ?
23. സുഭിക്ഷം അനുഭവിച്ചിരുന്നവർ...........................നായി കൂലിപ്പണി ചെയ്യുന്നു?
24. ദാൻ മുതൽ ബേർഷെബ വരെയുള്ള ഇസ്രായേൽ ജനം മുഴുവനും അറിഞ്ഞതെന്താണ് ?
25. എല്ക്കാന ഏതുവംശജനാണ് ?

| ഡിസംബർ ബി.സി.സി. യോഗങ്ങൾ | | |
|---|---|---|
| **യൂണിറ്റ്** | **ദിവസം** | **ഭവനം** |
| താഴയ്ക്കാമണ്ണടി | 13.12.25<br>28.12.25 | വർഗീസ്<br>വിജയരാജ് |
| മണ്ണക്കൽ | 13.12.25<br>28.12.25 | വിക്ടർ സേവ്യർ<br>ജോൺസൺ കപ്യാർ |
| മലഞ്ചരിക് | 14.12.25<br>28.12.25 | പ്രദീപ്<br>സുനിൽ |
| ചില്ലിൻവിള | 13.12.25<br>27.12.25 | സനൽകുമാർ<br>ശിവരാജൻ |
| പുത്തൻകട | 13.12.25<br>28.12.25 | മോഹനൻ<br>അനിൽകുമാർ. V.F |
| മുടന്താന്നി | 13.12.25<br>28.12.25 | മണിയൻ<br>ശ്രീധരൻ |
| കുളങ്ങരവിള | 13.12.25<br>27.12.25 | സണ്ണി<br>സജികുമാർ |
| പുന്നയ്ക്കാവിള | 14.12.25<br>28.12.25 | സുരേഷ് കുമാർ<br>കുമാർ |
| കടവിള | 14.12.25<br>28.12.25 | അനൂപ്<br>അരുൺ |
| പള്ളിമന | 14.12.25<br>28.12.25 | കരുണാകരൻ<br>രാജൻ |
| മോന്തിവിള | 14.12.25<br>28.12.25 | സജിത്ത്<br>പുഷ്പാകരൻ |
| മണലിക്കടവ് | 13.12.25<br>28.12.25 | വിൻസെന്റ്<br>സുനിൽ |
| കാരയ്ക്കാവിള | 14.12.25<br>28.12.25 | ദിപിൻ<br>വിജയൻ |
| പണ്ടാരത്തോട്ടം | 13.12.25<br>27.12.25 | പ്രമോദ്<br>ജയൻ |
| വലിയവിള | 13.12.25<br>28.12.25 | ശശി<br>ശശി |
| പ്ലാന്തോട്ടം | 14.12.25<br>28.12.25 | ആദർശ്<br>സദാനന്ദൻ |
| പഴയകട | 14.12.25<br>28.12.25 | ജോണി<br>രാജൻ |
| പട്ട്യക്കാല | 14.12.25<br>28.12.25 | ജോസ്കുമാർ<br>സുരേഷ്കുമാർ |

| 2025 ഒക്ടോബർ മാസം വരി തന്നവരുടെ പേരുവിവരം | |
|---|---|
| 1. അഖിൽ.വി.ടി, കടവിള | 6000 |
| 2. രാജുരത്നം, താഴയ്ക്കാമണ്ണടി | 100 |
| 3. ക്രിസ്തുരാജൻ, പഴയകട | 700 |
| 4. ശ്രീകാന്ത്, പഴയകട | 500 |
| 5. സുരേഷ്. ടി, പുന്നയ്ക്കാവിള | 1000 |
| 6. ജോസഫ്, കടവിള | 500 |
| 7. ഗ്രിഗറി, പഴയകട | 500 |
| 8. അജു, പഴയകട | 250 |
| 9. അനിൽകുമാർ, കുളങ്ങരവിള | 500 |
| 10. അനീഷ്.എൻ. എസ്, താഴയ്ക്കാമണ്ണടി | 1000 |
| 11. അനീഷ്കുമാർ. എസ്.എൽ, താഴയ്ക്കാമണ്ണടി | 100 |
| 12. ശ്രീകുമാർ, താഴയ്ക്കാമണ്ണടി | 300 |
| 13. അനിൽകുമാർ. എസ്.എൽ, മണലിക്കടവ് | 100 |
| 14. രാഖി, പുത്തൻകട | 50 |
| 15. പ്രേംകുമാർ, മുടന്താന്നി | 150 |
| 16. സുജിത്. ജി, കുളങ്ങരവിള | 100 |
| 17. ഷിബു, പ്ലാന്തോട്ടം | 1800 |
| 18. കെ.ആർ. മണി, പള്ളിമന | 2400 |
| 19. ചെല്ലക്കുട്ടൻ, പഴയകട | 1200 |
| 20. മധു, പുന്നായ്ക്കാവിള | 300 |
| 21. സെൽവരാജൻ, കടവിള | 700 |
| 22. അരുൺ, കടവിള | 1000 |
| 23. സ്നേഹലത, പുന്നായ്ക്കാവിള | 1200 |
| 24. അനിൽ, മലഞ്ചരിക് | 200 |
| 25. ബാബുരാജൻ, കുളങ്ങരവിള | 750 |
| 26. രാഘവൻ, കുളങ്ങരവിള | 1200 |
| 27. സത്യൻ, മുടന്താന്നി | 50 |
| 28. ലിനീഷ്.ജെ, കുളങ്ങരവിള | 2000 |
| 29. രാജേഷ്കുമാർ. എസ്.ആർ, മണലിക്കടവ് | 200 |
| 30. സ്റ്റീഫൻ, പഴയകട | 500 |
| 31. സലിം. വി. എസ്, പുത്തൻകട | 1000 |
| 32. അഖിൽ, പുന്നയ്ക്കാവിള | 400 |
| 33. ആഷ്കുമാർ. എം. എൽ, മണലിക്കടവ് | 250 |
| 34. അഭിലാഷ്. ജെ.എസ്, പുന്നയ്ക്കാവിള | 1200 |
| 35. കൃഷ്ണൻനാടാർ, മണലിക്കടവ് | 370 |
| 36. ബിജുകുമാർ, പണ്ടാരത്തോട്ടം | 4050 |
| 37. മോഹനൻ, പുത്തൻകട | 2000 |
| 38. രാമകൃഷ്ണൻ, പുത്തൻകട | 600 |
| 39. ഷിജു, മോന്തിവിള | 500 |

| | |
|---|---|
| 40. സാബുകുമാർ, പഴയകട | 1000 |
| 41. വിൻസെന്റ്, മണലിക്കടവ് | 150 |
| 42. സജി. ആർ.എ, കാരയ്ക്കാവിള | 1000 |
| 43. ജോൺറോസ്, മണ്ണക്കല്ല് | 1000 |
| 44. പ്രശാന്ത്, മലഞ്ചേരിക് | 5000 |
| 45. അനൂപ്, കടവിള | 500 |
| 46. രാജു, താഴയ്ക്കമണ്ണടി | 300 |
| 47. വാസന്തി. പി, മുടന്താന്നി | 200 |
| **ആകെ** | **44870** |

## 2025 സെപ്റ്റംബർ മാസത്തെ വരവ്-ചെലവ് കണക്കുകൾ

**വരവ്**

| | | |
|---|---|---|
| 02.09.25 | വീഡിയോ ചാർജ് (ലിൻസി) | 2000 |
| 07-09.25 | ഞായർ ദിവ്യബലി (ഒന്ന്) കാണിക്ക | 3928 |
| | കാഴ്ചവയ്പ്, പുത്തൻകട | 2410 |
| | ദിവ്യബലി (രണ്ട്) കാണിക്ക | 3877 |
| | ലേലം | 275 |
| 10.09.25 | വീഡിയോ ചാർജ് (രേഷ്മ) | 1000 |
| | ഓസ്തി വീഞ്ഞ് നേർച്ച | 650 |
| 11.09.25 | ത്രേസ്യാമലഞ്ചെരിക് അനുസ്മരണ | |
| | ദിവ്യബലി കാഴ്ചവയ്പ് | 1220 |
| 14.09.25 | ഞായർ ദിവ്യബലി(1) കാണിക്ക | 15909 |
| | കാഴ്ചവയ്പ്, വലിയവിള | 2680 |
| | ദിവ്യബലി (2) കാണിക്ക | 20799 |
| 14.09.25 | പള്ളികുരിശ്ശടി കാണിക്ക | 12679 |
| | പട്ട്യക്കാല കുരിശ്ശടി കാണിക്ക | 9699 |
| | പണ്ടാരത്തോട്ടം കുരിശ്ശടി കാണിക്ക | 5027 |
| | സ്വർണ്ണപ്പൊട്ട് (ഒരെണ്ണം) | |
| | സാരി (2 എണ്ണം) | |
| | ഷാൾ (ഒരെണ്ണം) | |
| | പുന്നയ്ക്കാവിള കുരിശ്ശടി കാണിക്ക | 2703 |
| | കടവിള കുരിശ്ശടി കാണിക്ക | 951 |
| | ചില്ലിൻവിള കുരിശ്ശടി കാണിക്ക | 1717 |
| | താഴയ്ക്കാമണ്ണടി കുരിശ്ശടി കാണിക്ക | 1219 |
| | നോട്ടുമാല മൂന്നെണ്ണം | 1200 |
| | സ്വർണ്ണകുരിശ് ഒരെണ്ണം | |
| | പുത്തൻകട കുരിശ്ശടി കാണിക്ക | 1805 |
| 15.09.25 | ബിജുകുമാർ മണലിക്കടവ് ദിവ്യബലി | |
| | കാഴ്ചവയ്പ് ഒരു സ്വർണ്ണ കുരിശ് | |
| 21.09.25 | ഞായർ ദിവ്യബലി (1) കാണിക്ക | 3468 |

| | | |
|---|---|---|
| | കാഴ്ചവയ്പ്, മുടത്താണി | 1380 |
| | ഞായർ ദിവ്യബലി (2) കാണിക്ക | 3662 |
| | ലേല വരവ് | 1260 |
| 28.09.25 | ഞായർ ദിവ്യബലി (1) കാണിക്ക | 2820 |
| | കാഴ്ചവയ്പ് വിൻസെന്റ് ഡി പോൾ | 1630 |
| | മാസവരി ഇനത്തിൽ | 75270 |
| | ഞായർ ദിവ്യബലി (2) കാണിക്ക | 3436 |
| | **ആകെ** | **184670** |

## <u>ചെലവ്</u>

| | | |
|---|---|---|
| 01.09.25 | ഡേറ്റാകളക്ഷനുവേണ്ടി ഫയലും പഞ്ചും | 581 |
| 05.09.25 | ഏഷ്യാനെറ്റ് കേബിൾ ചാർജ് | 4800 |
| 07.09.25 | ബിസിസി യോഗത്തിന് കട്ടൻചായ | 380 |
| 09.09.25 | കടവിള കുരിശ്ശടി വാർഷിക തിരുനാൾ അധിക ചെലവ് | 1742 |
| 10,18.09.25 | പണ്ടാരതോട്ടം കുരിശ്ശടി നിർമ്മാണം കടം തീർക്കുന്നതിന് കൊടുത്തത് | 57,000 |
| 10.09.25 | ഓസ്തി വാങ്ങിയത് | 480 |
| 30.08.25 | ക്രിസ്സ് വോയിസ് പ്രിന്റിംഗ് ചാർജ് | 1350 |
| 11.09.25 | താഴയ്ക്കാമണ്ണടി വാർഷിക തിരുനാൾ അധികച്ചെലവ് | 12148 |
| 13.09.25 | ജീസസ് ഫ്രണ്ട്സ് കുട്ടികളെ കൊണ്ടുപോയ ഓട്ടോ ചാർജ് | 400 |
| 15.09.25 | രൂപതാ ഓഫീസിൽ ഡി.സി. അടച്ചത് | 40000 |
| | അക്കൗണ്ട് ബുക്ക് വൗച്ചർ ഫോം, കവർ | 384 |
| | വൈൻ വാങ്ങിയത് | 760 |
| 16.09.25 | രോഗികൾക്കു വിശുദ്ധ കുർബ്ബാന കൊടുക്കുവാൻ പോയ ഓട്ടോ ചാർജ് | 300 |
| 16,19.09.25 | ട്രംപറ്റ് പ്രാക്ടീസ് - ടി.എ. | 2000 |
| 20.09.25 | മേടയിലെ ടിവി ശരിയാക്കിയതിന് | 2600 |
| | ഓസ്തി വാങ്ങിയത് | 2100 |
| 22,23.09.25 | പള്ളിയിലേയും താഴയ്ക്കാമണ്ണടി കുരിശ്ശടിയിലേയും ഇലക്ട്രിക് വർക്സ് സാധനവും കൂലിയും ഉൾപ്പെടെ | 14820 |
| 24.09.25 | മെഴുകുതിരി വാങ്ങിയത് | 750 |
| 28.09.25 | ഊർസുലൈൻ സിസ്റ്റേഴ്സിന്റെ പ്രൊവിൻഷലിനെ സ്വീകരിക്കുന്നതിനുവേണ്ടി ബൊക്കെ | 400 |
| | ഒന്നാം ദിവ്യബലി കാഴ്ചവയ്പ് വിൻസെന്റ് ഡി പോൾ സൊസൈറ്റിക്ക് കൊടുത്തത് | 1630 |

| | | |
|---|---|---|
| 28.09.25 | ദീപിക ദിനപത്രം 4 മാസം ജൂൺ മുതൽ സെപ്റ്റംബർ വരെ | 1140 |
| 29.09.25 | കെട്ടിട കരം (സെന്റ് സേവ്യേഴ്സ് സ്കൂൾ) | 4363 |
| 09.09.25 | പരസ്പര സഹായ നിധി മൂന്നെണ്ണം അടച്ചത് | 12000 |
| 09.09.25 | രോഗികൾക്ക് വിശുദ്ധ കുർബ്ബാന കൊടുക്കുവാൻ പോയ ഓട്ടോ ചാർജ് | 300 |
| 30.09.25 | ഇടവക വികാരി അലവൻസ് | 15000 |
| | ഇടവക വികാരി റ്റിഎ | 2000 |
| | ഉപദേശി അലവൻസ് | 4000 |
| | കപ്യാർ അലവൻസ് | 2500 |
| | സ്വീപ്പർ അലവൻസ് | 2000 |
| | **ആകെ** | **187878** |
| | തൻമാസ അധികച്ചെലവ് | 3208 |
| | മുൻമാസ നീക്കിയിരിപ്പ് | 206737 |
| | തൻമാസ അധികചെലവ് | 3208 |
| | **ആകെ നീക്കിയിരിപ്പ്** | **203529** |

# ഒരു ചെറുവെട്ടം

നാം എല്ലാം പൂർണ്ണരാകാൻ ആഗ്രഹിക്കുന്നവരാണ്. ആത്മീയതയുടെ ചെറു ലാഞ്ചന നമ്മിലുണ്ടെങ്കിൽ നമുക്ക് നന്മയുടെ ലോകത്തെ ഗ്രഹിക്കാൻ കഴിയും. അങ്ങനെ നാം, ഗ്രഹിക്കുന്ന കാര്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ അതിയായ ആഗ്രഹം നമ്മിലുണ്ടാകും. പക്ഷേ, ഇന്നിന്റെ ഈ ലോകത്ത് ഇത്തരം നന്മകളോടുള്ള ആഗ്രഹ പൂർത്തീകരണം അത്ര എളുപ്പമല്ല. അടിയുറച്ച വിശ്വാസത്തോടെയുള്ള പ്രാർത്ഥനയിലൂടെ മാത്രമേ ഈ ആഗ്രഹപൂർത്തീകരണം സാധ്യമാകൂ.



പ്രാർത്ഥന, ഒരു അധര വ്യായാമം മാത്രമല്ല, അനുദിനം നമ്മെ പൂർണ്ണതയിലേക്ക് നയിക്കുന്ന ദൈവവുമായുള്ള ഒരു സ്നേഹബന്ധമാണ്. പൂർണ്ണതയുള്ള ദൈവസ്നേഹത്തിനു മാത്രമേ നമ്മെ പൂർണ്ണതയിലേക്ക നയിക്കാൻ കഴിയൂ. ദൈവം കാണുന്ന പോലെ മറ്റുള്ളവരെ നോക്കി കാണുവാനും സ്നേഹിക്കാനും ദൈവസ്നേഹം നമ്മെ ശക്തരാക്കും. സ്നേഹമാകട്ടെ നമ്മുടെ ജീവിത ലക്ഷ്യം. വി. പൗലോസ് അപ്പോസ്തലൻ കൊറിന്തോസുകാർക്ക് എഴുതിയ ലേഖനം 13-ാം അധ്യായം 1-ാം വാക്യത്തിൽ പറയുന്നപോലെ ഞാൻ മനുഷ്യരുടെയും ദൈവദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചേങ്ങിലയോ, ചിലമ്പുന്ന കൈത്താളമോ ആണ്.

**അനിഷ എ. ജി.**
സെന്റ് ജോർജ് ബിസിസി യൂണിറ്റ്, പുത്തൻകട



# പരിശുദ്ധാത്മാവ്

പാവനാത്മാവേ.... പരിശുദ്ധാത്മാവേ
പറന്നിറങ്ങിടണേ.... പറന്നിറങ്ങിടണേ....
പാപികളാകും ഞങ്ങളിലേക്ക്
പറന്നിറങ്ങിടണേ.... പാവനാത്മാവേ....
പാപത്തിന്റെ കെട്ടുകളെല്ലാം
പൊട്ടിച്ചിതറട്ടേ.... പാവനാത്മാവേ...
വൃതമായുള്ളൊരു ജീവിതമെല്ലാം
തളിരണിഞ്ഞീടണേ.... പാവനാത്മാവേ...
ഭയവും രോഗവും പീഡയുമെല്ലാം
പറന്നകലട്ടേ..... പാവനാത്മാവേ....

പാവനാത്മാവേ..... പരിശുദ്ധാത്മാവേ....
പറന്നിറങ്ങിടണേ.... പറന്നിറങ്ങിടണേ...
ശത്രുതയെല്ലാം മാറിയിവിടെ
സ്നേഹം വിടരട്ടേ.... പാവനാത്മാവേ....
പറുദീസയിലെ പാവനസ്നേഹം
പരന്നൊഴുകട്ടെ.... പാവനാത്മാവേ....
കരുണക്കടലാം ഈശോ നാഥനെ
ഹൃദയത്തിലേറ്റട്ടേ.... പാവനാത്മാവേ....
സോദര സ്നേഹം ഹൃദയത്തിലെന്നും
ജ്വലിച്ചുനിൽക്കട്ടേ.... പാവനാത്മാവേ....

പാവനാത്മാവേ.... പരിശുദ്ധാത്മാവേ...
പറന്നിറങ്ങിടണേ... പറന്നിറങ്ങിടണേ



**കവിത രഘു**
പുന്നയ്ക്കാവിള

# ലോഗോസ് ക്വിസ് 2026

## റൂത്ത് 1-4

## ഉത്തരങ്ങൾ

1. ഓബദ് (4:17)
2. റാഹേൽ, ലെയാ (4:11)
3. ബോവാസ് റൂത്തിനോട് (2:12)
4. റൂത്ത് (3:6)
5. വൃദ്ധയായിരിക്കുന്നു (1:12)
6. നവോമി (1:20)
7. ബോവാസ് (4:10)
8. റൂത്ത് (2:3)
9. ഏകദേശം ഒരു ഏഫാ ബാർലി (2:17)
10. ഓർഫാ (1:14)
11. ഏദ് (4:15)
12. നവോമിയുടെ (2:19)
13. ന്യായാധിപൻമാരുടെ (1:1)
14. മരുമക്കളോട് (1:8)
15. ഓബാദ് (4:17)
16. പത്തുപേരെ (4:2)
17. വന്നു ഭക്ഷണം കഴിക്കൂ; വീഞ്ഞിൽ മുക്കി അപ്പം ഭക്ഷിച്ചുകൊള്ളൂ. (2:14)
18. പത്തുവർഷത്തോളം (1:4)
19. കർത്താവ് നിങ്ങളോടുകൂടെ (2:4)
20. റൂത്ത് (3:11)
21. മൊവാബ് (1:1)
22. റൂത്ത് (1:16)
23. ബോവാസ്
24. നഗരവാതിൽക്കൽ (4:1)
25. ഭർത്താവിനെയും പുത്രൻമാരെയും (1:5)



# 20-ാം ചരമവാർഷികം



## അരുൺ സി.എൽ

**ജനനം: 14.12.1988 മരണം: 17.12.2005**

**അകാലത്തിൽ പൊലിഞ്ഞ**
**പൊന്നുമകന് നിത്യശാന്തി നേർന്നുകൊണ്ട്,**

പപ്പ : ചന്ദ്രൻ അമ്മ : ലൈല സഹോദരി : അനിജ
സഹോദരി ഭർത്താവ് : പ്രേംകുമാർ
കൊച്ചുമക്കൾ : അലൻ, സെയ്റ മരിയ
ബന്ധുമിത്രാദികൾ



ഗവ. ജോലിക്ക് ഗവ. അംഗീകൃത

# കോഴ്സുകൾ

PGDCA, DCA

DTP, CTTC

Auto CAD

Accounting

Data Entry,

Web Designing

SAP, Digital Marketing

## ഉന്നത വിജയം നേടാൻ ഉന്നത നിലവാരമുള്ള

# കമ്പ്യൂട്ടർ കോഴ്സുകൾ

**Cybo TECH COMPUTERS**

ബസ് സ്റ്റാൻഡ് ജംഗ്ഷന് സമീപം
കോൺവെന്റ് റോഡ് നെയ്യാറ്റിൻകര
ഫോൺ 8281105686,9446903873

janani PRINT MEDIA 9747000876